**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5665 — 24.05.2017-ൽ മറുപടിയ്ക്ക്

**ഫാം.ഡി കോഴ്സ്**

| ചോദ്യം | മറുപടി |
|---|---|
| **ഡോ.എം. കെ. മുനീർ** | **ശ്രീമതി. കെ.കെ.ശൈലജടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |

| | |
|---|---|
| (എ) ഫാം.ഡി കോഴ്സുകൾ നടക്കുന്ന സ്ഥാപനങ്ങളിൽ മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നടക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;ഉണ്ടെങ്കിൽ മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് 16 സ്വാശ്രയ കോളേജുകളിലാണ് ഫാം-ഡി കോഴ്സ് നടത്തുന്നത്. പ്രസ്തുത കോളേജുകളിൽ ഓരോന്നിലും 30 സീറ്റുകൾ വീതം ആകെ 480 സീറ്റുകളാണുള്ളത്. ഇതിൽ അക്കാദമി ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസ്, പരിയാരം മെഡിക്കൽ കോളേജ്, കണ്ണൂർ മാത്രമാണ് 2016-17 അദ്ധ്യയനവർഷത്തിൽ സർക്കാരുമായി 50% സീറ്റ് പങ്കിടുന്നതിനുള്ള ധാരണാപത്രത്തിൽ ഒപ്പു വച്ചിട്ടുള്ളത്. പ്രസ്തുത കോളേജിലെ 15 സീറ്റുകളിലേക്ക് മെറിറ്റ് അടിസ്ഥാനത്തിലാണ് 2016-17 അദ്ധ്യയനവർഷത്തിൽ പ്രവേശനം നടത്തിയിട്ടുള്ളത്.<br>2017-18 ൽ മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശന നടപടികൾ സ്വീകരിക്കുന്നതിന് മാനേജ്മെന്റുകളുമായി ചർച്ച നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |
| (ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഫാം.ഡി കോഴ്സ് ആരംഭിക്കുന്നതിന് ഇന്ത്യൻ ഫാർമസി കൗൺസിൽ അനുമതി നൽകിയിട്ടും, ഫാം. ഡി കോഴ്സ് ആരംഭിക്കാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ? | (ബി) സംസ്ഥാനം സാമ്പത്തിക ഞെരുക്കത്തിലായിരുന്നതിനാലും, ഏറ്റെടുത്ത പദ്ധതികൾ പൂർത്തീകരിക്കേണ്ടിയിരുന്നതിനാലുമാണ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഫാം. ഡി കോഴ്സ് തുടങ്ങുവാനുള്ള തീരുമാനം താൽക്കാലികമായി നീട്ടിവച്ചത്. കൂടാതെ പ്രസ്തുത കോഴ്സ് സർക്കാർ സേവന മേഖലയിലെ ഒരു തസ്തികയ്ക്കും അടിസ്ഥാന യോഗ്യത അല്ല. |

സെക്ഷൻ ഓഫീസർ